കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് - പൊതു ശ്മശാനത്തിന് അനുമതി നൽകിയതിനെതിരെ ശ്രീ.ഇ.എം.ബാബു ഫയൽ ചെയ്ത WP(c)1510/2015(K) തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2910 /15/തസ്വഭവ തിരുവനന്തപുരം, തീയതി : 25/9/2015

---

പരാമർശം-
1. എറണാകുളം ജില്ലാ കളക്ടറുടെ 03.12.2014 ലെ 64169/11/എം-5 നമ്പർ ഉത്തരവ്.
2. ശ്രീ.ഇ.എം.ബാബു സമർപ്പിച്ച 11.12.14 ലെ അപ്പീൽ.
3. WP(c)1510/2015(K)-ൽ ബഹു.കേരള ഹൈക്കോടതിയുടെ 15.01.2015 ലെ ഉത്തരവ്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനം അനുവദിക്കുന്നതിനായി പരാമർശം(1)ലെ ഉത്തരവിലൂടെ ജില്ലാകളക്ടർ അനുമതി നൽകിയിരുന്നു. ഇതിനെതിരെ ശ്രീ.ഇ.എം.ബാബു ഫയൽ ചെയ്ത WP(c)1510/2015 (K)മേൽ, ബഹു.കേരള ഹൈക്കോടതിയുടെ 15.01.2015 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ 05.08.2015 ൽ സർക്കാർ നേരിൽ കേട്ടിരുന്നു. പ്രസ്തുത ഹിയറിംഗിൽ ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജോൺസൺ തോമസ്, ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി.കെ.റ്റി.രത്നാഭായി, എറണാകുളം കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.എൻ.ആർ.രാജശേഖരൻ നായർ, SNDP കമ്മിറ്റി അംഗം ശ്രീ.വി.കെ.നാരായണൻ കുട്ടി, KPMS സെക്രട്ടറി ശ്രീ.ഇ.എസ്.ശ്യാം കുമാർ എന്നിവർ ഹാജരായിരുന്നു. അപ്പീൽ അപേക്ഷകനായ ശ്രീ.ഇ.എം.ബാബു ഹാജരായിരുന്നില്ല.

ഹിയറിംഗ് വേളയിൽ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ പൊതു ശ്മശാനം സംബന്ധിച്ച വിഷയം 2006-ൽ തുടങ്ങിയതാണെന്നും, ഇതു സംബന്ധിച്ച് 20.08.2010 ൽ ഒരു ഹിയറിംഗ് അഡീഷണൽ സെക്രട്ടറി തലത്തിൽ നടത്തപ്പെട്ടിരുന്നു എന്നും പരാമർശിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ ഈ വിഷയം സംബന്ധിച്ച് പ്രശ്നങ്ങളൊന്നും നിലവിലില്ലെന്നും, 24.06.2015 ൽ പ്രസ്തുത സ്ഥലത്ത് പണി കഴിപ്പിച്ച പൊതു ശ്മശാനത്തിന്റെ ഉദ്ഘാടനം കഴിഞ്ഞുവെന്നും, 05.08.2015 വരെ 21 മൃതശരീരങ്ങൾ ഇവിടുള്ള ഗ്യാസ് ക്രിമറ്റോറിയത്തിൽ ദഹിപ്പിച്ച കഴിഞ്ഞുവെന്നും വെളിപ്പെടുത്തിയിരുന്നു.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിലും, ഹിയറിംഗിൽ പങ്കെടുക്കാൻ അറിയിപ്പ് നൽകിയിരുന്നുവെങ്കിലും പരാതിക്കാർ പങ്കെടുക്കാതിരുന്നത് അവർക്ക് നിലവിൽ ശ്മശാനം സംബന്ധിച്ച് പരാതികൾ ഇല്ല എന്ന അനുമാനത്തിലും, അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

WP(c)1510/2015(K)ലെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
ജെസ്സി ജോർജ്ജ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ഉപരിപത്രം സഹിതം)
ജില്ലാ കളക്ടർ, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ആഡിറ്റ്), തിരുവനന്തപുരം
സെക്രട്ടറി, ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ